## പതിമൂന്നാംകേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5430
01.07.2014 ലെ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം
നമ്പർ : **5430**

2014 ജൂലായ് 1- ന്
മറുപടി പറയേണ്ടത്

### മൈക്രോ ബയോളജിസ്റ്റ് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.എം.മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി. |
| എ) സംസ്ഥാനത്തെ അനലിറ്റിക്കൽ ലാബുകളിലെ മൈക്രോബയോളജി വിഭാഗത്തിൽ നിലവിലുള്ള രണ്ട് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകൾ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന വിധത്തിൽ മൈക്രോബയോളജിസ്റ്റ് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശുപാർശയ്ക്ക് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ അനലിറ്റിക്കൽ ലാബുകളിലെ മൈക്രോബയോളജി വിഭാഗത്തിൽ നിലവിലുള്ള രണ്ട് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകൾ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന വിധത്തിൽ മൈക്രോബയോളജിസ്റ്റ് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പ് പരിശോധിച്ച് വരികയാണ്. |
| ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട 39866/എച്ച്&എൽ/ബി1/14/ഫിൻ നമ്പർ ഫയലിൽ ആരോഗ്യവകുപ്പിന്റെ ശുപാർശയ്ക്ക് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ? | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട 39866/എച്ച്&എൽ/ബി1/14/ഫിൻ നമ്പരായുള്ള ഫയലിൽ ഭരണവകുപ്പിന്റെ ശുപാർശ ധനകാര്യ വകുപ്പ് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ